## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2543** 12/06/2018-ൽ മറുപടിയ്ക്ക്

# സഹകരണ സ്ഥാപനങ്ങൾക്ക് നെല്ല് സംഭരണത്തിൽ പങ്കാളിത്തം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. സി. ദിവാകരൻ<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ. മുഹമ്മദ് മുഹസിൻ പി. | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സഹകരണ സ്ഥാപനങ്ങളെ നെല്ല് സംഭരണത്തിൽ പങ്കാളികളാക്കുന്നതിന് നടത്തുന്ന ശ്രമങ്ങൾ വിശദമാക്കുമോ; | (എ) | കർഷകരിൽ നിന്നും സപ്ലൈകോ നെല്ല് സംഭരിച്ചതിന്റെ രസീത് കർഷകർ ബാങ്കുകളിൽ ഹാജരാക്കുമ്പോൾ നെല്ലിന്റെ വില കർഷകരുടെ അക്കൗണ്ടിൽ പി.ആർ.എസ്. ലോൺ വഴി ലഭ്യമാക്കുന്നതിനായി ബാങ്കുകളുമായി കരാറിൽ ഏർപ്പെടുന്നതിന് സപ്ലൈക്കോയ്ക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് അപ്രകാരം പൊതു മേഖല ബാങ്കുകൾക്ക് നൽകുന്ന അതേ പരിഗണന നൽകി പാലക്കാട് ജില്ലയിലെ സഹകരണ സംഘങ്ങളെ കൂടി നെല്ല് സംഭരണ പ്രക്രിയയിൽ പങ്കെടുപ്പിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സഹകരണ സംഘങ്ങൾ മുഖേന നെല്ല് സംഭരിച്ച് സംസ്കരിച്ച് സപ്ലൈകോ വഴി ബ്രാൻഡഡ് അരിയാക്കി പാക്കറ്റുകളിൽ മില്ലുകളുടെ പേരോടുകൂടി വിപണിയിൽ എത്തിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കുന്നതിനും പാലക്കാട് ജില്ലയെ പൈലറ്റ് പ്രോജക്ടാക്കി ടി ജില്ലയിലെ സഹകരണ സംഘങ്ങളും കർഷകരുമായി ചർച്ച നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഭക്ഷ്യ പൊതുവിതരണ വകുപ്പ് സെക്രട്ടറിയെ കൺവീനറാക്കി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. നെല്ലിന്റെ സംഭരണം, സംസ്കരണം, വിതരണം എന്നിവ സഹകരണ സംഘങ്ങളുടെ കൂട്ടായ്മ |

| | | | |
|---|---|---|---|
| | | | സംരംഭങ്ങൾ മുഖേന നടത്തുന്നതിന് 'വിത്തു മുതൽ വിത്തുവരെ' എന്ന പേരിൽ ഒരു പദ്ധതി രേഖ കമ്മിറ്റി അംഗം കൂടിയായ സഹകരണ സംഘം രജിസ്ട്രാർ ടി കമ്മിറ്റി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | നെല്ല് അളന്ന ഉടൻ തന്നെ കർഷകന് പണം നൽകുന്നതിന് സംവിധാനം ഒരുക്കുമോ; വ്യക്തമാക്കുമോ; | (ബി) | പാലക്കാട് ജില്ലാ സഹകരണ ബാങ്കിൽ അക്കൗണ്ട് ഉള്ളവർക്കും. ജില്ലാ സഹകരണ ബാങ്കിൽ മിറർ അക്കൗണ്ട് ഉള്ളവർക്കും 'പാടി പെയ്മെന്റ് ഓർഡർ' ലഭിക്കുന്ന മുറയ്ക്ക് തന്നെ പണം നൽകി വരുന്നുണ്ട്. പാലക്കാട് ജില്ലാ സഹകരണ ബാങ്കിൽ നിന്നും 2017-18 വർഷത്തെ നെല്ല് സംഭരണത്തിനുള്ള സംഭരണ വില ഒന്നാം വിളയ്ക്ക് 56,93,93,592/- രൂപയും, രണ്ടാം വിളയ്ക്ക് 111,26,17,452/- രൂപയും നൽകിയിട്ടുണ്ട്. നെല്ല് സംഭരണത്തിന് വേണ്ടി ജില്ലാ സഹകരണ ബാങ്കിൽ 28488 KCC അക്കൗണ്ടുകൾ തുടങ്ങിയിട്ടുണ്ട്. |
| (സി) | ഇങ്ങനെ സംഭരിക്കുന്ന നെല്ല് അരിയാക്കി എങ്ങനെ ഉപഭോക്താക്കളുടെ കയ്യിലെത്തിക്കുമെന്ന് വ്യക്തമാക്കുമോ; | (സി) യും (ഡി) യും | സഹകരണ സ്ഥാപനങ്ങൾ മുഖേനയുള്ള നെല്ല് സംഭരണം നടപ്പിലാക്കിയിട്ടില്ല |
| (ഡി) | പ്രസ്തുത നെല്ല് സംഭരണം ഏതെങ്കിലും ജില്ലയിൽ നടപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ